**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1909** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പി.എം.ജെ.വി.കെ. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം) പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജെ.വി.കെ. (പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം) പ്രകാരം കോഴിക്കോട് ജില്ലയിൽ ചുവടെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്:<br><br>1. വടകര മുനിസിപ്പാലിറ്റിയിലെ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സെമിനാർ ഹാളും STEM ലാബും നിർമിക്കുന്നതിനുള്ള പദ്ധതി (2020–21) – ₹82.09 ലക്ഷം.<br><br>2. വടകര മുനിസിപ്പാലിറ്റിയിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം (2020–21) – ₹190 ലക്ഷം.<br><br>3. പനിക്കോട്ടിയിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം (2020–21) – ₹160 ലക്ഷം.<br><br>4. വടകര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി (2020–21) – ₹211.78 ലക്ഷം.<br><br>5. വടകര ഗവ. ജില്ലാ ആശുപത്രിയുടെ രണ്ടാം ഘട്ട നിർമാണം (Phase II) (2020–21) – ₹8318.23 ലക്ഷം. |
| (ബി) | ഇവയിൽ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതികളിൽ അംഗീകാരം ലഭിച്ച ജില്ലയിലെ എല്ലാ പ്രവൃത്തികളും നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഇതിൽ<br><br>1. വടകര ഗവ. വി.എച്ച്.എസ്.എസ്(ടി.എച്ച്.എസ്) സെമിനാർ ഹാൾ & STEM ലാബ് നിർമാണവും,<br><br>2. ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് മെഷീൻ സ്ഥാപിക്കൽ പ്രവൃത്തിയും ഇതിനകം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വടകര FHC-യിൽ (₹190 ലക്ഷം) ഗ്രൗണ്ട് ഫ്ലോർ, ആദ്യ നില, ടയൽ റൂം പൂർത്തീകരിച്ചു. ഇപ്പോൾ ഫിനിഷിംഗ് പ്രവൃത്തികളും വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളും തുടരുകയാണ്.<br><br>പനിക്കോട്ടി FHC-യുടെ (₹160 ലക്ഷം) സിവിൽ പ്രവൃത്തികൾ 95% പൂർത്തിയായിട്ടുണ്ട്, വൈദ്യുതി പ്രവൃത്തികൾ പുരോഗമനത്തിലാണ്.<br><br>വടകര ഗവ. ജില്ലാ ആശുപത്രിയുടെ രണ്ടാം ഘട്ട (₹8318.23) നിർമ്മാണം നടക്കുന്ന സ്ഥലത്തുള്ള പഴയ ജില്ലാ ആശുപത്രി കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | അംഗീകാരം ലഭിച്ച ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാത്തതായി ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ